# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 10.08.2017-ൽ |
| ചോദ്യം നമ്പർ - 1066 | മറുപടിയ്ക്ക് |

## ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ വുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ വുമായി ബന്ധപ്പെട്ട് കല്ലിശ്ശേരിയിൽ നിന്നും ആരംഭിച്ച് (കി.മി.0/000) ശബരമില വില്ലേജ് റോഡിൽ അങ്ങാടിക്കൽ കാവ് വരെ (കി.മി 3/710)റോഡ് വീതി കൂട്ടി GSB Wet Mix Mecadom എന്നിവയ്ക്ക് മുകളിലായി ബി.എം & ബി സി ലയറുകൾ ഇടുകയും, മൂന്ന് ക്രോസ് ഡ്രെയിനേജും, 780മീ. ഓടയും 72.6മീ. സംരക്ഷണ ഭിത്തി പൂർണ്ണമായും, 223 മീറ്റർ മൂന്ന് കലുങ്കുകളുടെ പാരപ്പറ്റുകൾ ഉയർത്തു കയും, 220 മീറ്റർ ക്രാഷ് ബാരിയർ ഉൾപ്പെടെ റോഡ് സുരക്ഷാ സംവിധാനങ്ങൾ പൂർത്തീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള ഫണ്ട് വിനിയോഗിച്ച് നിർമ്മാണം പൂർത്തീ കരിക്കുന്നതിന് എന്തെല്ലാം പ്രവൃത്തി കളാണ് അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അതിർത്തി കല്ലുകളുടെ നിർമ്മാണവും സ്ഥാപിക്കലും, റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സൈൻ ബോർഡുകൾ സ്ഥാപിക്കൽ, പെയിന്റിംഗ് കോൺക്രീറ്റ് പണികൾ എന്നീ പ്രവൃത്തികൾ അവശേഷിക്കുന്നു. |
| (സി) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (സി) പണികൾ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 22/8/2017-വരെ നീട്ടി നൽകുന്നതിനു വേണ്ടി കോൺട്രാക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ